(ഡി) കേരളത്തിൽ മീറ്റർ സീൽചെയ്ത 35390 വാഹനങ്ങളുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	5710
കൊല്ലം	-	1510
പത്തനംതിട്ട	-	949
ആലപ്പുഴ	-	2350
കോട്ടയം	-	919
ഇടുക്കി	-	431
എറണാകുളം	-	6448
തൃശ്ശൂർ	-	2670
പാലക്കാട്	-	1550
മലപ്പുറം	-	1643
കോഴിക്കോട്	-	5251
വയനാട്	-	468
കണ്ണൂർ	-	4057
കാസർഗോഡ്	-	1434
ആകെ	-	**35390**

അളവുതൂക്ക നിയമം ലംഘിച്ചവർക്കെതിരെ സ്വീകരിച്ച നടപടി

62 (1423) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ്. ശശി
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) അളവുതൂക്ക നിയമലംഘനത്തിന് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്രപേരെ പിടികൂടിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പാക്കേജ് കമ്മോഡിറ്റീസ് നിയമം ലംഘിച്ചതിന് ഈ കാലയളവിൽ എത്ര പേർക്കെതിരെ കേസ്സെടുത്തു;

(സി) അളവുതൂക്ക നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നു ഉറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ജനുവരി മാസം വരെ 11,422 കേസ്സുകൾ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) 2104 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

(സി) അളവുതൂക്ക നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മിന്നൽ പരിശോധന നടത്തുന്നതിന് എല്ലാ നിർവഹണ ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മൂന്നു മേഖലകളായി തിരിച്ചിട്ടുള്ള ഫ്ളയിംഗ് സ്കാഡുകളും ദിനംപ്രതി പരിശോധന നടത്തിവരുന്നു

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം

63 (1424)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ജീവനക്കാരും വാഹനവും ആവശ്യമാണെന്ന് ലീഗൽ മെട്രോളജി കൺട്രോളർ ആവശ്യപ്പെട്ടിരുന്നു. അതിനെത്തുടർന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിനെക്കൊണ്ട് വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച പഠനം നടത്തുകയുണ്ടായി. പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ചശേഷം ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

നഗര ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ജനപങ്കാളിത്തം

64 (1425)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നഗരപ്രദേശങ്ങളിലെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജനകീയ പങ്കാളിത്തത്തോടെയും നഗരസഭകളുടെയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും സഹകരണത്തോടെയും എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നഗരത്തിലെ ദരിദ്രരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നഗര ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് ഗുണഭോക്തൃ കുടുംബങ്ങളെ വേണ്ട രീതിയിൽ സംഘടിപ്പിച്ച് വാർഡ് തലത്തിലും സമൂഹ സംഘങ്ങളെ നഗരസഭയുമായും ബന്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) നഗരങ്ങളിലെ പാവപ്പെട്ടവരുടെ ആവശ്യങ്ങൾ സ്വയം മനസ്സിലാക്കി പദ്ധതി അവർ തന്നെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും വേണ്ട സംവിധാനങ്ങൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly